# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.✯241 11.12.2014 ൽ മറുപടിക്ക്**

## ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെൻറ്<br>,, ജോസഫ് വാഴയ്ക്കൻ<br>,, ലൂഡി ലൂയിസ്<br>" എ റ്റി ജോർജ്ജ് | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിന്റെ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാ-മാണെന്ന് വ്യക്തമാക്കുമോ; | ബി) യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും, ഉപയോഗ-പ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടു കൂടിയ വഴിയോര കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രഥമമായ ഉദ്ദ്യേശലക്ഷ്യം. പൊതുശൗചാലയങ്ങളെക്കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ശൗചാലയമാണ് വിഭാവനം ചെയ്യുന്നത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ആരോഗ്യ സംരക്ഷണവും ടോയിലറ്റ് ലഭ്യതയും ഉറപ്പ് വരുത്തുക, ഉപയോക്താക്കളുടെ മനോ-ഭാവത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുക, പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുക, ശുചീകരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക, അനുബന്ധ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി നഗരങ്ങൾ, ടൗൺ സെന്ററുകൾ, പാതയോരങ്ങൾ എന്നിവിടങ്ങളിൽ അമിനിറ്റീസ് സെന്ററുകൾ പ്രവർത്തി-ക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് | സി & ഡി) ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിൽ, ടോയിലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണ ശാല, മെമന്റോ ഷോപ്പ്, വിശ്രമസൗകര്യം, ബാങ്ക് |

| | |
|---|---|
| ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ.റ്റി.എം, ലോക്കർ, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർ ഫീയോട് കൂടി സ്വയംപര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. അനുബന്ധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനവും കൂടി ഉപയോഗപ്പെടുത്തി, ലോകോത്തര നിലവാരത്തിൽ ജനോപകാരപ്രദമായ രീതിയിൽ ഇവ പരിപാലിക്കുവാൻ കഴിയും. |
| ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ